**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2049 | 04-11-2019-ൽ മറുപടിയ്ക്ക്

# ഇടുക്കി പോലീസ് സ്റ്റേഷൻ മാർച്ച്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇടുക്കി പോലീസ് സ്റ്റേഷനിലേയ്ക്ക് എത്ര പോലീസ് സ്റ്റേഷൻ മാർച്ചുകളാണ് നടന്നിട്ടുള്ളതെന്നും ആയതിന്റെ പേരിൽ എത്ര കേസുകളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇടുക്കി പോലീസ് സ്റ്റേഷനിലേയ്ക്ക് രണ്ട് പോലീസ് സ്റ്റേഷൻ മാർച്ചുകൾ നടത്തിയിട്ടുണ്ട്. ഒരു പോലീസ് സ്റ്റേഷൻ മാർച്ചുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) അതിൽ ഏതെല്ലാം സ്റ്റേഷൻ മാർച്ചുകളിലാണ് സംഘടനകൾ/വ്യക്തികൾക്കെതിരെ പോലീസ് കേസ് ചാർജ് ചെയ്തിട്ടുള്ളതെന്ന് വിശദാംശങ്ങൾ നൽകുമോ; | (ബി) യും (സി) യും (ഡി) യും | 19.06.2019-ൽ യു.ഡി.എഫ്. നടത്തിയ പോലീസ് സ്റ്റേഷൻ മാർച്ചിൽ ക്രൈം നമ്പർ: 215/19 U/S 143, 147, 283, 188, 149 IPC ആയി ഇടുക്കി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 14 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും, ആയത് ബഹു. ഇടുക്കി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സി.സി.473/19 ആയി വിചാരണയിലുമാണ്. |
| (സി) 2019 ജൂൺ 19 ന് ഇടുക്കി പോലീസ് സ്റ്റേഷനിലേയ്ക്ക് യു.ഡി.എഫ്. നടത്തിയ മാർച്ചിൽ എന്തെങ്കിലും അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം അക്രമങ്ങൾ/നാശനഷ്ടങ്ങൾ ആണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | | |
| (ഡി) പ്രസ്തുത മാർച്ചിൽ എത്ര ആളുകളുടെ പേരിലാണ് കേസ് ചാർജ്ജ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**